**15 -ാം കേരള നിയമസഭ**

**10 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 2415** **12-02-2024 - ൽ മറുപടിയ്ക്ക്**

**കുടുംബശ്രീ മിഷന്റെ ഓഡിറ്റ്**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. കെ. ബാബു (തൃപ്പൂണിത്തുറ),<br>ശ്രീ. സണ്ണി ജോസഫ് | | ശ്രീ. എം.ബി. രാജേഷ്<br>(തദ്ദേശ സ്വയംഭരണം, എക്സൈസ് വകുപ്പ് മന്ത്രി) | |
| (എ) | സംസ്ഥാന ഓഡിറ്റ് വകുപ്പിന് കുടുംബശ്രീ മിഷൻ ഓഡിറ്റ് നാളിതുവരെ ആരംഭിക്കുവാൻ സാധിക്കാത്തത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; എങ്കിൽ ഇതിന്റെ കാരണം വ്യക്തമാക്കുമോ; | (എ) | ഉണ്ട്. നിലവിൽ സി & എജി ആഡിറ്റ്, സ്റ്റാറ്റ്യൂട്ടറി ആഡിറ്റ്, ഇന്റേണൽ ഓഡിറ്റ്, കാസ്സ് ഓഡിറ്റ് എന്നീ ഓഡിറ്റ് സംവിധാനങ്ങൾ കുടുംബശ്രീയിലുണ്ട്. സാമൂഹ്യാധിഷ്ഠിതമായി പ്രവർത്തിക്കുന്നതും, ഡിപ്പാർട്ട്മെന്റ് വ്യവസ്ഥയിൽ നിന്നും മാറി സാമൂഹ്യാധിഷ്ഠിതമായ ഫ്രെയിംവർക്കിലൂടെ രൂപീകൃതമായിട്ടുള്ളതും ചാരിറ്റബിൾ സൊസൈറ്റീസ് ആക്ട് പ്രകാരം രജിസ്റ്റർ ചെയ്തിട്ടുള്ളതുമാണ് കുടുംബശ്രീ മിഷൻ. ഈ സാഹചര്യത്തിൽ കുടുംബശ്രീ മിഷനിൽ ലോക്കൽ ഫണ്ട് ഓഡിറ്റ് ബാധകമാക്കേണ്ടതുണ്ടെന്ന തീരുമാനം പുന:പരിശോധിക്കുന്നതുമായി ബന്ധപ്പെട്ട് ചർച്ച ചെയ്ത് റിപ്പോർട്ട് സമർപ്പിക്കുന്നതിനായി 11/08/2023-ന് കൂടിയ കുടുംബശ്രീ ഗവേണിംഗ് ബോഡി ഒരു സബ്കമ്മിറ്റിയെ ചുമതലപ്പെടുത്തുകയും ടി കമ്മിറ്റി 05/01/2024 -ൽ തദ്ദേശ സ്വയംഭരണ വകുപ്പ് സ്പെഷ്യൽ സെക്രട്ടറിയുടെ അദ്ധ്യക്ഷതയിൽ യോഗം ചേരുകയുമുണ്ടായി. പ്രസ്തുത യോഗത്തിലെ തീരുമാനങ്ങൾ അടുത്ത കുടുംബശ്രീ ഗവേണിംഗ് ബോഡി മുമ്പാകെ സമർപ്പിക്കുന്നതും, ഗവേണിംഗ് ബോഡി തീരുമാന പ്രകാരം നടപടി സ്വീകരിക്കുന്നതുമാണ്. |
| (ബി) | സംസ്ഥാനതലത്തിലും ജില്ലാതലത്തിലും സിഡിഎസ് തലത്തിലുമുള്ള ക്രമക്കേടുകൾ പൊതുജന ശ്രദ്ധയിൽ കൊണ്ടുവരാനും ധന വിനിയോഗത്തിന്റെ ആധികാരികത ഫലപ്രാപ്തി എന്നിവ ഉറപ്പുവരുത്താനും കുടുംബശ്രീ സംവിധാനം കുറ്റമറ്റതാക്കുവാനും സംസ്ഥാന ഓഡിറ്റ് വകുപ്പിന്റെ വിശദമായ ഓഡിറ്റ് അനിവാര്യമായതിനാൽ ആയതു നടപ്പാക്കുന്നതിന് അടിയന്തര നടപടി സ്വീകരിക്കുമോ; വ്യക്തമാക്കുമോ? | (ബി) | ഉണ്ട്. നിലവിൽ സി & എജി ആഡിറ്റ്, സ്റ്റാറ്റ്യൂട്ടറി ആഡിറ്റ്, ഇന്റേണൽ ഓഡിറ്റ്, കാസ്സ് ഓഡിറ്റ് എന്നീ ഓഡിറ്റ് സംവിധാനങ്ങൾ കുടുംബശ്രീയിലുണ്ട്. സാമൂഹ്യാധിഷ്ഠിതമായി പ്രവർത്തിക്കുന്നതും, ഡിപ്പാർട്ട്മെന്റ് വ്യവസ്ഥയിൽ നിന്നും മാറി സാമൂഹ്യാധിഷ്ഠിതമായ ഫ്രെയിംവർക്കിലൂടെ രൂപീകൃതമായിട്ടുള്ളതും ചാരിറ്റബിൾ സൊസൈറ്റീസ് ആക്ട് പ്രകാരം രജിസ്റ്റർ ചെയ്തിട്ടുള്ളതുമാണ് കുടുംബശ്രീ മിഷൻ. ഈ സാഹചര്യത്തിൽ കുടുംബശ്രീ മിഷനിൽ ലോക്കൽ ഫണ്ട് ഓഡിറ്റ് ബാധകമാക്കേണ്ടതുണ്ടെന്ന തീരുമാനം പുന:പരിശോധിക്കുന്നതുമായി ബന്ധപ്പെട്ട് ചർച്ച ചെയ്ത് റിപ്പോർട്ട് സമർപ്പിക്കുന്നതിനായി |

| | | | |
|---|---|---|---|
| | | | 11/08/2023-ന് കൂടിയ കുടുംബശ്രീ ഗവേണിംഗ് ബോഡി ഒരു സബ്കമ്മിറ്റിയെ ചുമതലപ്പെടുത്തുകയും ടി കമ്മിറ്റി 05/01/2024 -ൽ തദ്ദേശ സ്വയംഭരണ വകുപ്പ് സ്പെഷ്യൽ സെക്രട്ടറിയുടെ അദ്ധ്യക്ഷതയിൽ യോഗം ചേരുകയുമുണ്ടായി. പ്രസ്തുത യോഗത്തിലെ തീരുമാനങ്ങൾ അടുത്ത കുടുംബശ്രീ ഗവേണിംഗ് ബോഡി മുമ്പാകെ സമർപ്പിക്കുന്നതും, ഗവേണിംഗ് ബോഡി തീരുമാന പ്രകാരം നടപടി സ്വീകരിക്കുന്നതുമാണ്. |

സെക്ഷൻ ഓഫീസർ